'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ബൈന്റർ ഗ്രേഡ് I I തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 29.09.2018 -ൽ മരണപ്പെട്ട വി രാജേഷ് കുമാറിന്റെ ഭാര്യ ശ്രീമതി. രശ്മി എം - നഗര ഗ്രാമാസൂത്രണ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.യു.)വകുപ്പ്

**സ.ഉ.(കൈ) നം.136/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/11/2019

പരാമർശം:- 1 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ.

2 ശ്രീമതി. രശ്മി എം സമർപ്പിച്ച 15.02.2019 ലെ അപേക്ഷ.

3 മുഖ്യ നഗരാസൂത്രകന്റെ 28.05.2019 ലെ ഇ4-16550/18 നമ്പർ കത്ത്.

4 സ.ഉ.(കൈയെഴുത്ത്) നം. 5/2018/ഉ.ഭ.പ.വ. തിയതി. 21.02.2018.

5 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 21.08.2019 ലെ DCTVM/4415/2019/S6 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ബൈന്റർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 29.09.2018 -ൽ മരണപ്പെട്ട വി രാജേഷ് കുമാറിന്റെ ഭാര്യ ശ്രീമതി. രശ്മി എം അപേക്ഷ സമർപ്പിച്ചിരുന്നു. വി രാജേഷ് കുമാറിന്റെ സേവനകാലം 18 വർഷം 01 മാസം 22 ദിവസമാണ്. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 31.01.1973, 10.07.2000 ആണ്. മുഖ്യ നഗരാസൂത്രകനും തിരുവനന്തപുരം ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. അപേക്ഷക ബിരുദം പാസ്സായിട്ടുള്ളതും ടിയാന്റെ ജനനത്തിയതി 31.05.1980 ആണ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാരി സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും തിരുവനന്തപുരം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി. രശ്മി എം എന്ന വ്യക്തിക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ട് നല്കിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 3,01,464/- രൂപയാണെന്ന് (മൂന്നു ലക്ഷത്തി ആയിരത്തി നാനൂറ്റി അറുപത്തി നാല് രൂപ മാത്രം) ചെങ്കൽ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ബൈന്റർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 29.09.2018 തീയതിയിൽ മരണപ്പെട്ട വി. രാജേഷ് കുമാറിന്റെ ഭാര്യ ശ്രീമതി. രശ്മി.എം. -ന് നഗര ഗ്രാമാസൂത്രണ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ളതോ / ആദ്യം ഉണ്ടാകുന്നതോ ആയ ഒഴിവിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ പരാമർശം 1 ലെ ഉത്തരവിന് വിധേയമായി നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

4. മുഖ്യ നഗരാസൂത്രകൻ ഒഴിവിന്റെ ലഭ്യത, നിയമനം നൽകുന്നതിനുള്ള നിശ്ചിത ശതമാന പരിധി എന്നിവയനുസരിച്ച് അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

മുഖ്യ നഗരാസൂത്രക, തിരുവനന്തപുരം.

ജില്ലാ കളക്ടർ , തിരുവനന്തപുരം.

ശ്രീമതി. രശ്മി എം, ശ്രീരാഗം,

കീഴമ്മാകം, വ്ലാത്താങ്കര, ചെങ്കൽ - 695134.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ